കേരള സാഹിത്യ അക്കാദമി
തൃശൂർ
04.02.2018

<u>പത്രക്കുറിപ്പ്</u>

# ഇന്ത്യൻ ജനാധിപത്യത്തിന് അടിത്തറയാവുന്നത് ഭക്തിപ്രസ്ഥാനം : ബാലചന്ദ്രൻ ചുള്ളിക്കാട്

തൃശൂർ : ജാതിക്കും മതത്തിനും ആചാരവൈവിധ്യങ്ങൾക്കും അതീതമായി മനുഷ്യനെ ഒന്നായി കണ്ട ഭക്തിപ്രസ്ഥാനത്തിന്റെ ആശയങ്ങളാണ് പരിമിതികളുണ്ടെങ്കിലും ഇന്ത്യൻ ജനാധിപത്യത്തെ ഇന്നും നിലനിലർത്തുന്നതെന്ന് ബാലചന്ദ്രൻ ചുള്ളിക്കാട് പറഞ്ഞു. രാമനും റഹിമും ഒന്നാണെന്ന് പറഞ്ഞത് ഭക്തിപ്രസ്ഥാനത്തിലെ ആചാര്യന്മാരിൽ പ്രമുഖനായ കബീറാണ്. തുല്യനീതിയുടേയും ജനാധിപത്യ ത്തിന്റേയും അടിസ്ഥാനമായി നിലകൊള്ളുന്ന ഭക്തിപ്രസ്ഥാനത്തിലെ ആശയങ്ങളെ തകർക്കാനുള്ള ശ്രമങ്ങളാണ് ഇന്നത്തെ ഭരണാധികാരികൾ സ്വീകരിക്കുന്നത്. ഇതിനെതിരെ തികഞ്ഞ ജാഗ്രതയില്ലെങ്കിൽ ജനാധിപത്യം അപകടത്തിലാവുമെന്നും അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തിന്റെ ഭാഗമായി നടത്തിയ 'കബീർ : ഭക്തിയും വിഭക്തിയും പൗരോഹിത്യവും' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യമനസ്സുകളെ അകറ്റുകയും ഭിന്നിപ്പിക്കുകയുമാണ് ഭരണാധികാരികൾ എപ്പോഴും ചെയ്യുന്നത്. മതത്തിന്റേയും ജാതിയുടേയും ആചാരത്തിന്റേയും പേരിൽ വിദ്വേഷം അടിച്ചേൽപിക്കുന്നത് ജനങ്ങളെ ഭിന്നിപ്പിക്കാൻവേണ്ടി മാത്രമാണ്. മതത്തോടോ ദൈവത്തോടോ ഉള്ള സ്നേഹം കൊണ്ടൊന്നുമല്ല. ഇന്നിപ്പോൾ കോർപറേറ്റുകളുടെ ചൂഷണം എളുപ്പമാക്കുന്നതിനുവേണ്ടിയാണ് ഭരണക്കാർ ജനങ്ങളെ ഭിന്നിപ്പിക്കുന്നത്.

ഇന്ത്യൻ ഭരണഘടനയിൽ രേഖപ്പെടുത്തിയിട്ടുള്ള അതിപ്രധാനമായ വാക്കാണ് തുല്യനീതിയെന്നത്. അതുള്ളപ്പോൾ സോഷ്യലിസം, മതേതരത്വം എന്നീ വാക്കുകൾ കൂട്ടിച്ചേർക്കേണ്ട ആവശ്യമേയില്ല. തുല്യനീതിയില്ലാതെ സോഷ്യലിസമോ മതേതരത്വമോ ഉണ്ടാവില്ല എന്ന് വ്യക്തമാണ്. നമ്മുടെ ഭരണ ഘടനക്കുതന്നെ അടിസ്ഥാനമായത് ഭക്തിപ്രസ്ഥാനം മുതൽ ചട്ടമ്പിസ്വാമികൾ വരെയുള്ളവരുടെ മനു ഷ്യനെ തുല്യമായി കാണുന്ന മാനവികദർശനമാണെന്നും അദ്ദേഹം പറഞ്ഞു.

കേരള സാഹിത്യ അക്കാദമി നിർവാഹകസമിതിയംഗം ഇ.പി.രാജഗോപാലൻ അധ്യക്ഷനായി. ആലങ്കോട് ലീലാകൃഷ്ണൻ, പി.ബാലചന്ദ്രൻ, വി.ജി.ഗോപാലകൃഷ്ണൻ, സോബിൻ മഴവീട്, വി.എൻ. അശോകൻ, അനിൽ മാരാത്ത് എന്നിവർ സംസാരിച്ചു.

കെ.എസ്.ശ്രുതി എഡിറ്റുചെയ്ത 'ഓൺ എയർ' എന്ന ഗ്രന്ഥം പൗർണമി ശൈലേഷിന് നൽകി ടി.ടി.പ്രഭാകരൻ പ്രകാശനം ചെയ്തു. തുടർന്ന് സിതാര കൃഷ്ണകുമാറും സംഘവും അവതരിപ്പിച്ച ഗസലും ഓൾഡ് ഹിറ്റ് മെലഡീസും അരങ്ങേറി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി